സ.ഉ.(സാധാ) നം.258/2022/LSGD

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് ദേവികുളം ഗ്രാമപഞ്ചായത്ത് - എസ്റ്റേറ്റ് മേഖലയിലെ റോഡുകളുടെ നിർമ്മാണത്തിനും അറ്റകുറ്റപ്പണിക്കും ധനകാര്യ കമ്മീഷൻ അടിസ്ഥാന ഗ്രാന്റ് നിബന്ധനയോടെ ഉപയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്

സ.ഉ.(സാധാ) നം.258/2022/LSGD തീയതി,തിരുവനന്തപുരം, 05-02-2022

പരാമർശം:- വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ - ഓർഡിനേഷൻ കമ്മറ്റിയുടെ 11.01.2022 ൽ കൂടിയ യോഗത്തിന്റെ 4.7 നമ്പർ തീരുമാനം

<u>ഉത്തരവ്</u>

ദേവികുളം പഞ്ചായത്തിന്റെ ഭൂരിഭാഗം പ്രദേശവും എസ്റ്റേറ്റ് മേഖലയിലാണ് ആകെയുള്ള 18 വാർഡുകളിൽ 15 വാർഡുകൾ KDHP കമ്പനിയുടെ ഉടമസ്ഥതയിലുള്ള തോട്ടങ്ങളിലും 2 വാർഡുകൾ ഹാരിസൺ മലയാളം ലിമിറ്റഡിന്റെ തോട്ടങ്ങളിലുമാണ്. എസ്റ്റേറ്റ് മേഖലയിലെ റോഡുകൾ പഞ്ചായത്തിന്റെ ഉടമസ്ഥതയിലല്ലാത്തതിനാൽ ഇവയുടെ നിർമ്മാണം, അറ്റകുറ്റപ്പണി എന്നിവയ്ക്കായി ധനകാര്യ കമ്മീഷൻ അടിസ്ഥാന ഗ്രാന്റ് ഉപയോഗിക്കാൻ കഴിയുന്നില്ല മേൽ പരാമർശത്തിലെ കോ - ഓർഡിനേഷൻ കമ്മറ്റി തീരുമാന പ്രകാരം പൊതു ജനങ്ങൾക്ക് ഇത്തരം റോഡുകൾ ഉപയോഗിക്കുന്നതിന് അനുമതി നൽകാം എന്ന് എസ്റ്റേറ്റ് കമ്പനിയും ഗ്രാമപഞ്ചായത്തും കരാർ വയ്ക്കണമെന്ന നിബന്ധനയോടെ എസ്റ്റേറ്റ് സ്ഥലത്തുള്ള റോഡുകളുടെ നിർമ്മാണത്തിനും അറ്റകുറ്റപ്പണിക്കും ധനകാര്യ കമ്മീഷൻ അടിസ്ഥാന ഗ്രാന്റ് ഉപയോഗിക്കുവാൻ അനുമതിനൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇങ്ങനെ നിർമ്മാണം/പുനരുദ്ധാരണ പ്രവർത്തി നടത്തുന്നത് പൊതുജനങ്ങൾ ഉപയോഗിക്കുന്ന റോഡു തന്നെയാണെന്ന് തദ്ദേശസ്വയംഭരണ സ്ഥാപനം ഉറപ്പു വരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സുനിത ഐ
ഡെപ്യൂട്ടിസെക്രട്ടറി

സെക്രട്ടറി, ദേവികുളം ഗ്രാമപഞ്ചായത്ത്

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം

ധനകാര്യ വകുപ്പ്

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പ്രതി: തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്സിന്

തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എസ്സ്